# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1542

18..06.2012-ൽ മറുപടിയ്ക്ക്

### സെക്രട്ടേറിയറ്റിലെ സെക്യൂരിറ്റി ഗാർഡ്

ചോദ്യം
ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ഉത്തരം
ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ സെക്യൂരിറ്റി ഗാർഡ് ഗ്രേഡ്-II സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ; | (എ), (ബി) & (സി) | 21..11..2006-ലെ 59479/എസ്.എച്ച്1/06/ജി.എ.ഡി നമ്പർ മെമ്മോ പ്രകാരം സെക്രട്ടേറിയറ്റിലെ സെക്യൂരിറ്റി ഗാർഡുമാരുടെ സീനിയോറിറ്റിലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് പ്രകാരം ശ്രീ.വിജയകുമാരൻ തമ്പിയുടെ സീനിയോറിറ്റി നമ്പർ 23 ആണ്.<br>ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിലെ കഠിനമായ ജോലി ഭാരം കണക്കിലെടുത്ത് നിലവിലുള്ള സെക്യൂരിറ്റി സ്റ്റാഫിന്റെ കേഡർ പരിധിയ്ക്കുമുകളിലായി പ്രസ്തുത ഓഫീസിൽ 14620-25280 രൂപ ശമ്പള സ്കെയ്ലിൽ അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി എന്ന ഒരു താൽക്കാലിക തസ്തിക ഈ മന്ത്രിസഭയുടെ കാലാവധി വരെ 6-12-2011 ലെ സർക്കാർ ഉത്തരവ് (സാധാ) 355/2011/പൊ.ഭ.വ പ്രകാരം സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ തസ്തികയിൽ 8-12-2011 ലെ സർക്കാർ ഉത്തരവ് (സാധാ) 9224/2011/പൊ.ഭ.വ ഉത്തരവിലൂടെ സെക്യൂരിറ്റി ഗാർഡ് ശ്രീ.വി.കെ.തമ്പിയെ നിയമിച്ചിട്ടുണ്ട്. ടിയാൻ ഈ തസ്തികയിൽ തുടരുന്നതുവരെയോ ഈ മന്ത്രിസഭയുടെ കാലാവധി വരെയോ ഏതാണോ ആദ്യം അതുവരെ മാത്രമേ ടി നിയമനം തുടരുകയുള്ളു എന്ന വ്യവസ്ഥയ്ക്ക് വിധേയമായിട്ടാണ് മേൽ നിയമനം നടത്തിയിട്ടുള്ളത്. |
| (ബി) | ഉണ്ടെങ്കിൽ ശ്രീ. വിജയകുമാരൻ തമ്പിയുടെ സീനിയോറിറ്റി നമ്പർ എത്രയാണ്; | | |
| (സി) | ഇയാൾക്ക് പ്രമോഷൻ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു തസ്തികയിലേക്ക് എന്നും ശമ്പള സ്കെയിലും വിശദമാക്കാമോ; | | |
| (ഡി) | പ്രമോഷന് നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന യോഗ്യതകൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (ഡി) | സെക്യൂരിറ്റി ഗാർഡുമാരുടെ സീനിയോറിറ്റിലിസ്റ്റ് പ്രകാരമാണ് പ്രമോഷൻ നൽകുന്നത്. |
| (ഇ) | സീനിയോറിറ്റി ലിസ്റ്റിൽ ടിയാന് മുകളിലുള്ള എത്രപേർക്ക് പ്രസ്തുത പോസ്റ്റിൽ പ്രമോഷൻ ലഭിച്ചിട്ടുണ്ട്; ടിയാന് മുകളിൽ പ്രമോഷൻ ലഭിക്കാതെ ആരെങ്കിലും ലിസ്റ്റിൽ ശേഷിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര; വിശദമാക്കാമോ; | (ഇ) | 21..11..2006 ലെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ടി യാന് മുകളിലുള്ള എല്ലാവർക്കും അർഹമായ പ്രമോഷൻ നൽകിയിട്ടുണ്ട്. |
| (എഫ്) | സെക്യൂരിറ്റി ഗാർഡുമാരിൽ ഗ്രേഡ് - I,II എന്നിവകൂടാതെ ഹെഡ്ഗാർഡുമാർക്ക് പുതിയ ശമ്പള സ്കെയിൽ അനുവദിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ? | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ